(ഇ) മരണമടഞ്ഞയാളുടെ അവകാശിക്ക് 5,000 രൂപ കൊടുക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിലാളി സമരം

4 [7] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി സമരങ്ങളെ പരാജയപ്പെടുത്താൻ പോലീസിനെ ഉടമകളുടെ താൽപര്യാനുസരണം ഉപയോഗിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ തൊടുപുഴ തെക്കുംഭാഗത്ത് ഒരു തോട്ടം ഉടമയ്ക്കെതിരായി ആ തോട്ടത്തിലെ തൊഴിലാളികൾ സമരം ചെയ്തപ്പോൾ സമരം ചെയ്ത തൊഴിലാളികളെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്യുകയും കള്ളക്കേസുകൾ എടുക്കുകയും ചെയ്തതിനുപരിയായി പണിമുടക്കിയ തൊഴിലാളികൾക്ക് പകരം ഗവൺമെൻറ് പോലീസിനെക്കൊണ്ട് കരിങ്കാലിപ്പണി ചെയ്യിച്ചതായുള്ള യൂത്ത് കോൺഗ്രസ് നേതാവ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻറെ പ്രസ്താവന ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ ഗവൺമെൻറ് എന്തു അന്വേഷണങ്ങൾ നടത്തിയെന്നും, ഈ പ്രവൃത്തിക്ക് കൂട്ടുനിന്നവരും നിർദ്ദേശങ്ങൾ നൽകിയവരുമായ എത്തെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

കോൺഫിഡൻഷ്യൽ റിപ്പോർട്ട്

5 [8] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം ഇപ്പോഴും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എത്തെല്ലാം വകുപ്പുകളിലാണ് ഇന്നും നിലനിൽക്കുന്നത്;

(സി) അശാസ്ത്രീയമായ ഈ സമ്പ്രദായം മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൻറെ എല്ലാ വകുപ്പുകളിലും അതു നിലനിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly